ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് രൂപരേഖ



1. അമ്പാൾ
2. നീലാടപ്പാറ
3. വലിയകുന്ന് നോർത്ത്
4. കൊടുമുടി
5. കാരപ്പറമ്പ്
6. തോട്ടിലാക്കൽ
7. പുറമണ്ണൂർ നോർത്ത്
8. പുറമണ്ണൂർ സൗത്ത്
9. വലിയകുന്ന് സൗത്ത്
10. ആലുംകൂട്ടം
11. ഇരിമ്പിളിയം
12. മോസ്കോ
13. വേളികുളം
14. മങ്കേരി
15. വട്ടപ്പറമ്പ്
16. തിരുനിലം
17. വെണ്ടല്ലൂർ സൗത്ത്
18. വെണ്ടല്ലൂർ നോർത്ത്
19. നെല്ലാനിപ്പാറ
20. കോട്ടപ്പുറം

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും

ക്ര.നം	പേര്	ഉദ്യോഗപ്പേര്	മൊബൈൽ നം
1	എച്ച്.രാധമ്മ	സെക്രട്ടറി	9847519375
2	ജിഷ.എം.വി	അസി. എൻജിനീയർ	8547821540
3	മഞ്ജു മോഹൻ	കൃഷി ഓഫീസർ	9383471671
4	ഡോ. അലി മുഹമ്മദ്	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	9847374205
5	ഷഫ്ന മറിയം .വി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	9946309810
6	ഡോ.അഫീഫ കെ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	9400654672
7	ജിഷി ദാസ് പി	വെറ്റിനറി സർജൻ	9496534221
8	ശ്രീജ ബി	ICDS സൂപ്പർവൈസർ	9446389856
9	ഉമ്മു ഹബീബ പി	വി.ഇ.ഒ	9544357694
10	ലെനിൻ പീറ്റർ	വി.ഇ.ഒ	9656547402
11	രാജേഷ് പി	ഹെഡ്മാസ്റ്റർ	8075063143
12	ഷാജിമോൻ എ.എസ്	അസി. സെക്രട്ടറി	9496047899
13	അനഘ ടി	ഫിഷറീസ് ഓഫീസർ	8419971518
14	മുഹ്സിൻ മൊയ്തീൻ	ക്ഷീരവികസന ഓഫീസർ	9946139355

ഗ്രാമപഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ പേരും, ഉദ്യോഗപ്പേരും

ക്ര.നം	പേര്	ഉദ്യോഗപ്പേര്
1	എച്ച്. രാധമ്മ	സെക്രട്ടറി
2	ഷാജിമോൻ എ.എസ്	അസി. സെക്രട്ടറി
3		ഹെഡ് ക്ലർക്ക്
4	ശ്രീദേവി. സി	അക്കൌണ്ടന്റ്
5	ലതിക. എസ്	സീനിയർ ക്ലർക്ക്
6	നൌഫൽ കെ.ടി	സീനിയർ ക്ലർക്ക്
7	പ്രശാന്ത് വി.എസ്	സീനിയർ ക്ലർക്ക്
8	അരവിന്ദ്. വി	ക്ലർക്ക്
9	മുർഷിദ മറിയം എം.ടി	ക്ലർക്ക്
10	സുബ്ബലക്ഷ്മി.എം.എസ്	ക്ലർക്ക്
11	സുരേഷ്. പി	ഡ്രൈവർ
12	ഷാജീവ് .വി	ഓഫീസ് അറ്റൻറന്റ്
13	ഗോകുൽ പ്രേംജി	ഓഫീസ് അറ്റൻറന്റ്
14	ജയഭാരതി	പി ടി എസ്
15	സുഹാന. എൻ	ടെക്നിക്കൽ അസിസ്റ്റന്റ്
16	മെഹറുഫ മോൾ. ടി	പ്രൊജക്റ്റ് അസിസ്റ്റന്റ്
17	സാജിത	സാക്ഷരത പ്രേരക്
18	നന്ദന എ.വി	ഹെൽത്ത് ഇൻസ്പെക്ടർ

ഭൂപ്രകൃതിയും, പാരിസ്ഥിതി സവിശേഷതകളും

പഞ്ചായത്തിൻറെ പേര്	: ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്
താലൂക്ക്	: തിരൂർ
ജില്ല	: മലപ്പുറം
നിയമസഭ മണ്ഡലം	: കോട്ടക്കൽ
പ്രതിനിധി	: ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ
ജില്ലാ ഡിവിഷൻ	: കാടാമ്പുഴ, കുറ്റിപ്പുറം
പ്രതിനിധി	:ശ്രീമതി. കെ.പി വഹീദ ശ്രീമതി. വസീമ വേളേരി
ബ്ലോക്ക് പഞ്ചായത്ത്	: കുറ്റിപ്പുറം
ഡിവിഷൻ	: വെണ്ടല്ലൂർ, വലിയകുന്ന് , പൂക്കാട്ടിരി, പൈങ്കണ്ണൂർ
പ്രതിനിധികൾ	1. ശ്രീമതി. ഷമീല ടീച്ചർ : 2. ശ്രീമതി. സി പി ഉമ്മുക്കുൽസു : 3. ശ്രീ. അബ്ദുൾ റഷീദ് 4. ശ്രീ. ആസാദ് അജയൻ
വിസ്തൃതി	: 24. 06 ച. കി. മി
വാർഡുകൾ	: 20
ജനസംഖ്യ	: 30635
പുരുഷൻമാർ	:14557
സ്ത്രീകൾ	: 16078
ജനസാന്ദ്രത	: 978
സ്ത്രീപുരുഷ അനുപാതം	: 1086
മൊത്തം സാക്ഷരത	: 93.94
സാക്ഷരത (പുരുഷൻമാർ)	: 95.96
സാക്ഷരത (സ്ത്രീകൾ)	: 92.15

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ഗുണമേന്മ നയം

- ബി.പി.എൽ സർട്ടിഫിക്കറ്റ് ഇവ അപേക്ഷിക്കുന്ന ദിവസം തന്നെ നൽകുന്നതാണ്.
- എൻ.ആർ.ജി.എസ് തൊഴിൽ കാർഡ് അപേക്ഷ സ്വീകരിച്ച് 3 ദിവസത്തിനകം തന്നെ നൽകും.
- ഹരിത പ്രോട്ടോക്കോൾ നടപ്പാക്കി പരിസ്ഥിതി സൗഹൃദ പഞ്ചായത്താക്കും.
- ജനന, മരണ, മാരേജ് സർട്ടിഫിക്കറ്റുകൾ അപേക്ഷ ദിവസം തന്നെ നൽകുന്നതാണ്.
- IFTEOS പുതുക്കുന്നതിനുള്ള അപേക്ഷകളന്മേൽ 24 മണിക്കൂറിനകം തീർപ്പ് കൽപ്പിക്കുന്നതാണ്.
- പരാതികളിൻമേൽ ഇരുപത് ദിവസത്തിനകം തീരുമാനമെടുക്കുന്നതാണ്.
- പദ്ധതി വിഹിതം 100% ചിലവഴിക്കുന്നതാണ്.
- സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ ലഭിച്ച് 30 ദിവസത്തിനുള്ളിൽ തീർപ്പാക്കും.
- പെർമിറ്റ് അപേക്ഷ 15 ദിവസത്തിനകം തീർപ്പാക്കും.
- ഹരിതർമ്മസേന പുഃനസംഘടിപ്പിച്ച് മാലിന്യമുക്ത ഹരിത പഞ്ചായത്ത് ആയി പ്രഖ്യാപിച്ചത് നിലനിർത്തും.
- 30/09/2027 ന് മുൻപായി മുൻ വർഷത്തെ കുടിശ്ശികയുള്ള എല്ലാ ഒഡിറ്റ് റിപോർട്ടുകൾക്കും മറുപടി നൽകും.
- 15/03/2027 ന് മുൻപായി കെട്ടിട നികുതി കുടിശികയില്ലാതെ മുഴുവനും പിരിച്ചെടുക്കും.
- IFTEOS അപേക്ഷകളിൽ അപേക്ഷ സ്വീകരിച്ച് 5 പ്രവൃത്തി ദിവസത്തിനകം സേവനം നൽകുന്നതാണ്.

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

ഭരണ സമിതി

വാർഡ് നം	വാർഡിൻറെ പേര്	പേര്	Mobile No	ഔദ്യോഗിക സ്ഥാനം
1	അമ്പാൾ	മുസ്സകുട്ടി എം	6282[illegible]30199	മെമ്പർ 6282430199
2	നീലാടപ്പാറ	കദീജ കെ.പി	9745002606	മെമ്പർ
3	വലിയകുന്ന് വടക്ക്	രാധ എം	9961218729	മെമ്പർ
4	കൊടുമുടി	മുഹമ്മദ് ഷമീം പി	7907154951	മെമ്പർ
5	കാരപ്പറമ്പ്	മെറീഷ് ടി പി	9961321996	മെമ്പർ
6	തോട്ടിലാക്കൽ	ഷരീഫ ടി	8086848434	മെമ്പർ
7	പുറമണ്ണൂർ വടക്ക്	സുചിത്ര എൻ.പി	8943506980	മെമ്പർ
8	പുറമണ്ണൂർ തെക്ക്	അമീർ വി ടി	9633786222	ക്ഷേമ കാര്യസ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ
9	വലിയകുന്ന് തെക്ക്	കെ ടി മൊയ്തു	9846966418	വൈ.പ്രസിഡണ്ട്
10	ആലുംകുട്ടം	റജുല വി കെ	9961811265	പ്രസിഡണ്ട്

11	ഇരിമ്പിളി യം	ഫൌസി യ കെ.വി	9946495655	മെമ്പർ
12	മോസ്ക്കോ	ദിവ്യ വി.ആർ	9745933400	മെമ്പർ
13	വേളികുളം	അബ്ദുറ ഹിമാൻ ഹാജി	9946335222	മെമ്പർ
14	മങ്കേരി	മിസ്രിയ വി ടി	9747921332	മെമ്പർ
15	വട്ടപ്പറമ്പ്	ഷഹനാ സ് പി ടി	9605817949	മെമ്പർ
16	തിരുനിലം	സുഫൈ റ എ പി	6238992945	വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ
17	വെണ്ടല്ലൂർ തെക്ക്	റിയ ഗോപി കെ പി	9746469002	ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ
18	വെണ്ടല്ലൂർ വടക്ക്	അബൂബ ക്കർ	9946423916	മെമ്പർ
19	നെല്ലാനി പൊറ്റ	സുൽഹ ത്ത് അഷ്റഫ്	9656505881	മെമ്പർ
20	കോട്ടപ്പുറം	മുഹമ്മദ ലി കെ	9946363345	മെമ്പർ

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമപ്രകാരം ഉള്ള സേവനങ്ങൾക്ക് വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അപേക്ഷ ഫീസ്	ലഭ്യമാകുന്ന സമയപരിധി
1	ജനന രജിസ്ട്രേഷൻ	അപേക്ഷകർ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം - ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടക്കുന്ന ജനനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യുകയുള്ളു. വീട്ടിൽ വെച്ചുള്ള ജനനം കുടുംബത്തിലെ / വീട്ടിലെ മുതിർന്ന അംഗവും ആശുപത്രികളിൽ വെച്ചുള്ള ജനനം ബന്ധപ്പെട്ട സ്ഥാപന മേധാവിയും റിപ്പോർട്ട് ചെയ്യണം. ജനനം നടന്ന് 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം. 21 ദിവസം വരെ ഫീസില്ല. 21 ദിവസത്തിനു ശേഷം 30 ദിവസം വരെ 2 രൂപ ലേറ്റ് ഫീ.	7 പ്രവൃത്തി ദിവസം
2	മരണ രജിസ്ട്രേഷൻ	അപേക്ഷകർ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടക്കുന്ന മരണങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യുകയുള്ളു. വീട്ടിൽ വെച്ചുള്ള മരണം കുടുംബത്തിലെ / വീട്ടിലെ മുതിർന്ന അംഗവും സ്ഥാപനങ്ങളിലോ / ആശുപത്രികളിലോ വെച്ചുള്ള മരണം ബന്ധപ്പെട്ട സ്ഥാപന മേധാവിയും റിപ്പോർട്ട് ചെയ്യണം. 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം. 21 ദിവസം വരെ ഫീസില്ല. 21 ദിവസത്തിനു ശേഷം 35 ദിവസം വരെ 2 രൂപ ലേറ്റ് ഫീ.	7 പ്രവൃത്തി ദിവസം
3	ജനനം/മരണം വൈകി രജിസ്റ്റർ ചെയ്യൽ (30 ദിവസത്തിനു ശേഷം 1 വർഷം വരെ)	അപേക്ഷകർ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം ഗസറ്റഡ് ഓഫിസർ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ജില്ലാ രജിസ്ട്രാർക്കുള്ള അനുമതി- സെക്രട്ടറിക്കുള്ള അപേക്ഷ. (ബാക്കി കാര്യങ്ങൾ ക്രമനം. 1,2 പോലെ) ലേറ്റ് ഫീ 5 രൂപ	ജില്ലാ രജിസ്ട്രാറിൽ നിന്നും അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം
4	ജനനം/മരണം വൈകി രജിസ്റ്റർ ചെയ്യൽ (1 വർഷത്തിനു ശേഷം)	അപേക്ഷകർ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ചത്) ആർ.ഡി.ഒ. യുടെ അനുമതി ലഭിക്കുന്നതിന് സത്യവാങ്മൂലം, പഞ്ചായത്തിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്. (ബാക്കി കാര്യങ്ങൾ ക്രമനം. 1,2 പോലെ) ഫീസ് 10 രൂപ.	ആർ.ഡി.ഒ.യുടെ അനുമതി ഉത്തരവ് ലഭിച്ച് 7 പ്രവൃത്തി ദിവസം

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമപ്രകാരം ഉള്ള സേവനങ്ങൾക്ക് വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അപേക്ഷ ഫീസ്	ലഭ്യമാകുന്ന സമയപ
5	ജനന/മരണ സർട്ടിഫിക്കറ്റുകൾ (1970 മുതലുള്ള സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം	12-ാം വകുപ്പ് പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ദിവസം മറ്റുള്ളവ 7 പ്രവൃത്തി ദിവസം.
6	വിദേശത്ത് നടന്ന ജനനം രജിസ്റ്റർ ചെയ്യൽ (ഇന്ത്യയിലെത്തി 60 ദിവസത്തിനകം)	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം മാതാപിതാക്കൾ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നത് ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് പ്രദേശത്തായിരിക്കണം. ജനന റിപ്പോർട്ട് 2 പകർപ്പ്, സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്നത് സംബന്ധിച്ച് 50 രൂപയുടെ മുദ്രപത്രത്തിൽ രേഖപ്പെടുത്തിയ സത്യവാങ്മൂലം, മാതാപിതാക്കളുടെ പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, കുട്ടിയുടെ ജനന തിയ്യതി തെളിയിക്കുന്ന രേഖ (പാസ്പോർട്ട്/ആശുപത്രി രേഖ).	30 പ്രവൃത്തി ദിവസം.
7	ജനന രജിസ്റ്ററിൽ പേര് ചേർക്കൽ	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം ചേർക്കേണ്ട പേര് ഇംഗ്ലീഷിലും മലയാളത്തിലും വ്യക്തമായി എഴുതിയിട്ടുള്ളതും കുട്ടിയുടെ മാതാവും പിതാവും ഒപ്പിട്ടിട്ടുള്ളതുമായ നിശ്ചിത / മാതൃകയിലുള്ള, 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച സംയുക്ത അപേക്ഷ. സ്കൂളിൽ ചേർത്തിട്ടുണ്ടെങ്കിൽ അഡ്മിഷൻ രജിസ്റ്ററിന്റെ / എസ്.എസ്.എൽ.സി. യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്. സംയുക്ത അപേക്ഷയല്ലെങ്കിൽ കാരണം വ്യക്തമാക്കണം. സ്കൂൾ രേഖയിലെ ജനന തീയതിയും ജനന രജിസ്റ്ററിലെ ജനന തീയതിയും തമ്മിൽ 10 മാസത്തിലധികം വ്യത്യാസമുണ്ടെങ്കിൽ ജില്ലാ രജിസ്ട്രാർക്കുള്ള അനുമതിക്കുള്ള അപേക്ഷ കൂടി (2 സെറ്റ്) സമർപ്പിക്കണം. ഒരു വയസ്സ് വരെ ഫീസില്ല. ഒരു വർഷത്തിന് ശേഷം 5 രൂപ	7 പ്രവൃത്തി ദിവസം (ജില്ലാ രജി. ഓഫീസറുടെ അനുമതി വേണമെങ്കിൽ ആയത് ലഭിച്ച് 7 പ്രവൃത്തി ദിവസം)
8	ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം.	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. നിശ്ചിത മാതൃകയിലുള്ള പൂർണ്ണമായ അപേക്ഷ. ജനന/മരണ സമയത്തെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ/സാക്ഷ്യപത്രം. ഫീസ് 2 രൂപ. തെരച്ചിൽ ഫീസ് വർഷത്തിന് 2 രൂപ വീതം	7 പ്രവൃത്തി ദിവസം (പോലീസ് റിപ്പോർട്ട് ആവശ്യമെങ്കിൽ ആയത് ലഭിച്ച് 7 പ്രവൃത്തി ദിവസം)

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമപ്രകാരം ഉള്ള സേവനങ്ങൾക്ക് വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അപേക്ഷ ഫീസ്	ലഭ്യമാകുന്ന സമയപരിധി
9	ജനന/മരണ രജിസ്ട്രേഷനിൽ തിരുത്തലുകൾ/ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിന്	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. ജനനം/മരണം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ വ്യക്തിയുടെ / അധികാരിയുടെ തിരുത്തൽ കത്ത്. വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം. 2 വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ. സ്കൂൾ സർട്ടിഫിക്കറ്റ് പകർപ്പ്. ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട് പകർപ്പ്. തിരിച്ചറിയൽ കാർഡ് പകർപ്പ്. റേഷൻകാർഡ് പകർപ്പ്. അപേക്ഷകൻ താമസിക്കുന്നത് രജിസ്ട്രേഷൻ യൂണിറ്റിന് പുറത്താണെങ്കിൽ ബന്ധപ്പെട്ട ലോക്കൽ രജിസ്ട്രാറിൽ നിന്നുള്ള സാക്ഷ്യപത്രം. ഫീസ് 50 രൂപ. എന്നാൽ തിരുത്തൽ വരുത്തിയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ക്രമ നം. 7 പ്രകാരമുള്ള നിബന്ധനകൾ ബാധകം. ജനന സർട്ടിഫിക്കറ്റിലെ ജനന തീയതിയും സ്കൂൾ രേഖയിലെ ജനന തീയതിയും തമ്മിൽ 10 മാസത്തിലധികം വ്യത്യാസം ഉണ്ടെങ്കിൽ പേര് ചേർക്കുന്നതിന് ജില്ലാ രജിസ്ട്രാറുടെ അനുമതി വേണം. അതിനുള്ള അപേക്ഷ (2 സെറ്റ്) സമർപ്പിക്കണം.	7 പ്രവൃത്തി ദിവസം. ജില്ലാ രജിസ്ട്രാറുടെ അനുമതി വേണ്ട അപേക്ഷയുടെ കാര്യത്തിൽ അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം.
10	ഹിന്ദു വിവാഹ രജിസ്ട്രേഷൻ	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. വധൂവരന്മാർ ഹിന്ദു മതത്തിൽ ഉള്ളവരായിരിക്കണം. 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത മാതൃകയിലുള്ള പൂർണ്ണമായ അപേക്ഷ. നിർദ്ദിഷ്ട ഫോറത്തിലുള്ള വിവാഹ റിപ്പോർട്ട് - 2 കോപ്പി. ഹിന്ദു മതാചാര പ്രകാരം വിവാഹിതരായി എന്നതിനുള്ള തെളിവുകൾ. വരന് 21 വയസ്സും വധുവിന് 18 വയസ്സും വിവാഹ തീയതിയിൽ പൂർത്തിയായിരിക്കണം. പ്രായം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ് ഹാജരാക്കണം. വരന്റെ/വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കണം. ഈ പഞ്ചായത്ത് പ്രദേശത്ത് വെച്ച് നടന്ന വിവാഹമായിരിക്കണം. വിവാഹം നടന്ന് 15 ദിവസത്തിനകം അപേക്ഷിക്കണം. 15 ദിവസത്തിന് ശേഷം എന്നാൽ 30 ദിവസം കഴിയാത്ത സംഗതികളിൽ കാലതാമസം മാപ്പാക്കുന്നതിനുള്ള വധൂവരന്മാരുടെ സംയുക്ത അപേക്ഷ കൂടി നൽകണം. വിവാഹം നടന്ന് 30 ദിവസത്തിന് ശേഷമാണെങ്കിൽ ജില്ലാ രജിസ്ട്രാർക്കുള്ള അപേക്ഷ കൂടി സമർപ്പിക്കണം. ഫീസില്ല.	15 പ്രവൃത്തി ദിവസം. ജില്ലാ രജിസ്ട്രാറുടെ അനുമതി വേണ്ട അപേക്ഷയുടെ കാര്യത്തിൽ അനുമതി ലഭിച്ച് 15 പ്രവൃത്തി ദിവസം.

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമപ്രകാരം ഉള്ള സേവനങ്ങൾക്ക് വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അപേക്ഷ ഫീസ്	ലഭ്യമാകുന്ന സമയപരിധി
11	പൊതു വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 5 വർഷത്തിനകം)	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. 45 ദിവസത്തിന് ശേഷമാണെങ്കിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച മാപ്പപേക്ഷ. മേൽവിലാസവും പ്രായവും തെളിയിക്കുന്നതിനുള്ള രേഖകൾ. (എസ്.എസ്.എൽ.സി. /പാസ്പോർട്ട്/ജനന സർട്ടിഫിക്കറ്റ്/സ്കൂൾ പ്രവേശന രജിസ്റ്ററിന്റെ പകർപ്പ്). മതാചാര പ്രകാരമുള്ള വിവാഹം/സ്റ്റാറ്റ്യൂട്ടറി നിയമ പ്രകാരമുള്ള വിവാഹം ആണെങ്കിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം. 45 ദിവസത്തിന് ശേഷമാണെങ്കിൽ എം.പി./എം.എൽ.എ/പഞ്ചായത്ത് അംഗം/ഗസറ്റഡ് ഓഫീസർ നൽകുന്ന ഫോറം -2 -ലുള്ള പ്രഖ്യാപനം. സാക്ഷികളുടെ തിരിച്ചറിയൽ രേഖ. വരന്റെ/വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കണം. വിവാഹം നടന്ന് 5 വർഷം കഴിഞ്ഞതിന് ശേഷമാണെങ്കിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി ലഭിക്കണം. കാലതാമസത്തിനുള്ള കാരണം കാണിച്ചുള്ള അപേക്ഷ കൂടി സമർപ്പിക്കണം. വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹം സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം നടന്നതാണെങ്കിൽ രജിസ്റ്റർ ചെയ്യും. രജിസ്ട്രേഷൻ ഫീസ് 100 രൂപ. സർട്ടിഫിക്കറ്റ് ഫീസ് 20 രൂപ. വിവാഹം കഴിഞ്ഞ് 45 ദിവസം കഴിഞ്ഞാൽ 100 രൂപ പിഴ കൂടി അടക്കണം.	രജിസ്ട്രേഷൻ നടത്തുന്ന അതേ ദിവസം തന്നെ സർട്ടിഫിക്കറ്റ് ലഭിക്കും. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്
12	പൊതു വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 5 വർഷത്തിനു ശേഷം)	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. വിവാഹം നടന്ന് 5 വർഷം കഴിഞ്ഞതിന് ശേഷമാണെങ്കിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി ലഭിക്കണം. ക്രമ നം. 11-ൽ പറഞ്ഞിട്ടുള്ള രേഖകൾ കൂടാതെ കാലതാമസത്തിനുള്ള കാരണം കാണിച്ചുള്ള അപേക്ഷ കൂടി സമർപ്പിക്കണം. മെമ്മോറാം 3 പകർപ്പ് സമർപ്പിക്കണം. എല്ലാ രേഖകളും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം. രജിസ്ട്രേഷൻ ഫീസ് 100 രൂപ. സർട്ടിഫിക്കറ്റ് ഫീസ് 20 രൂപ. 250 രൂപ പിഴ.	പഞ്ചായത്ത് ഡെപ്യൂ. ഡയറക്ടറുടെ അനുമതി ലഭിച്ച് 3 പ്രവൃത്തി ദിവസം.

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമപ്രകാരം ഉള്ള സേവനങ്ങൾക്ക് വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അപേക്ഷ ഫീസ്	ലഭ്യമാകുന്ന സമയപരിധി
13	കെട്ടിട നിർമ്മാണ പെർമിറ്റ് പുതിയവയും (ക്രമവൽക്കരിക്കലും ഉപയോഗക്രമം മാറ്റലും) 100 ച.മീ-ൽ അധികം തറ വിസ്തീർണ്ണമുള്ള എല്ലാ വാസ ഗൃഹങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുള്ള എല്ലാ തരത്തിലുള്ള നിർമ്മിതികൾക്കും.	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. ബിൽഡിംഗ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ, പാർക്കിംഗ് പ്ലാൻ, (ആവശ്യമെങ്കിൽ) പട്ടയത്തിന്റെ /ആധാരത്തിന്റെ പകർപ്പ്. തൻ വർഷത്തെ ഭൂനികുതി അടച്ച രശീതിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ്, ബിൽഡിംഗ് സൂപ്പർവൈസറുടെ ലൈസൻസിന്റെ പകർപ്പ്. വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അഗ്നി രക്ഷാ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യവകുപ്പ് എന്നിവരുടെ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കണം. ഫീസ് കെ.പി.ബി.ആർ പട്ടിക 1,2 പ്രകാരം.	പരമാവധി 15 ദിവസം
14	കെട്ടിട നിർമ്മാണത്തിന് നിരാക്ഷേ സാക്ഷ്യപത്രം (നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്) 100 ച.മീ (1076 സ്ക്വയർ ഫീറ്റ്) വിസ്തീർണ്ണമുള്ള രണ്ട് നിലയിൽ കവിയാത്ത കുടുംബ വാസഗൃഹം	5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അനുബന്ധം എ 2 അപേക്ഷ. പട്ടയത്തിന്റെ /ആധാരത്തിന്റെ പകർപ്പ്. തൻ വർഷത്തെ ഭൂനികുതി അടച്ച രശീതിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ്. നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ, ലൊക്കേഷൻ സ്കെച്ച്. ഫീസില്ല. **നിലവിൽ ബാധകമല്ല**	പരമാവധി 15 ദിവസം
15	കെട്ടിട നിർമ്മാണ പെർമിറ്റ് കാലാവധി നീട്ടൽ/പുതുക്കൽ	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. തൻ വർഷത്തെ ഭൂനികുതി അടച്ച രശീതിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ്. നിലവിലുള്ള പെർമിറ്റും പ്ലാനും. കാലാവധിക്കുള്ളിൽ നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 10% തുക ഫീസ്. കാലാവധി കഴിഞ്ഞാൽ പെർമിറ്റ് ഫീസിന്റെ 50% (ഒരു പ്രാവശ്യം മാത്രം).	പരമാവധി 7 ദിവസം
16	കെട്ടിട നിർമ്മാണ പെർമിറ്റ് കൈമാറ്റം ചെയ്യൽ	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. നിലവിലുള്ള പെർമിറ്റും പ്ലാനും (ഒറിജിനൽ). കൈമാറിക്കിട്ടിയ വ്യക്തിയുടെ പേരിലുള്ള കൈവശസർട്ടിഫിക്കറ്റ്. സ്ഥലം കൈമാറ്റം ചെയ്തതിന്റെ ആധാരത്തിന്റെ പകർപ്പ്	പരമാവധി 10 ദിവസം

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമപ്രകാരം ഉള്ള സേവനങ്ങൾക്ക് വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അപേക്ഷ ഫീസ്	ലഭ്യമാകുന്ന സമയപരിധി
17	ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മിക്കുന്നതിന് പെർമിറ്റ്	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. സൈറ്റ് പ്ലാൻ, എലിവേഷൻ, സെക്ഷൻ എന്നിവ രേഖപ്പെടുത്തിയ പ്ലാനുകൾ. തൻ വർഷത്തെ ഭൂനികുതി അടച്ച രശീതിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ്. അപേക്ഷകൻ സ്ഥലം ഉടമ അല്ലെങ്കിൽ ലീസ് എഗ്രിമെന്റ്. (എഗ്രിമെന്റ് രജിസ്റ്റർ ചെയ്തിരിക്കണം). ടവറിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്. ടവർ കെട്ടിടത്തിന്റെ മുകളിലാണെങ്കിൽ കെട്ടിടത്തിന്റെയും ടവറിന്റെയും സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്. (സ്ട്രക്ചറൽ/സിവിൽ എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദമുള്ള വ്യക്തി നൽകുന്നത്). വാർത്താ വിനിമയ വകുപ്പുമായി വെച്ച എഗ്രിമെന്റിന്റെ പകർപ്പ്. അപേക്ഷ ഫീസ് ടവറിന് 10000 രൂപ.	പരമാവധി 15 ദിവസം
18	സ്ഥലം ഡവലപ്മെന്റിനുള്ള പെർമിറ്റ് ലഭിക്കുവാൻ	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, തൻ വർഷത്തെ ഭൂനികുതി അടച്ച രശീതിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, പട്ടയത്തിന്റെ /ആധാരത്തിന്റെ പകർപ്പ്.	പരമാവധി 15 ദിവസം
19	പുതിയ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന്	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. പ്ലാനിന്റെ പകർപ്പും ഉടമയും എഞ്ചിനീയറും ഒപ്പിട്ട കംപ്ലീഷൻ സർട്ടിഫിക്കറ്റും. KBT, സാക്ഷ്യപത്രം (വില്ലേജ്) ഒക്യുപൻസി സർട്ടിഫിക്കേറ്റ് അപ്രൂവഡ് ബിൽഡിംഗ് പ്ലാൻ	പരമാവധി 15 ദിവസം
20	കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന്	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. ആധാരത്തിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കറ്റ്, ഭൂനികുതി അടച്ച രശീതിന്റെ പകർപ്പ്, മുൻ ഉടമസ്ഥന്റെ സമ്മത പത്രം. കൈമാറ്റം നടന്ന് 3 മാസത്തിനുള്ളിൽ അപേക്ഷിച്ചാൽ ഫീസില്ല. 3 മാസത്തിന് ശേഷം 500 രൂപ ഫീസ്. കെട്ടിട ഉടമയുടെ മരണ ശേഷം പാരമ്പര്യാവകാശമായി ലഭിച്ച കെട്ടിടമാണെങ്കിൽ (തീരാധാരം നടക്കാത്ത സംഗതിയിൽ മരണ സർട്ടിഫിക്കറ്റ്, ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ കൂടി ഹാജരാക്കണം.	പരമാവധി 46 ദിവസം
21		അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം.	

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമപ്രകാരം ഉള്ള സേവനങ്ങൾക്ക് വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അപേക്ഷ ഫീസ്	ലഭ്യമാകുന്ന സമയപരിധി
22	വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ്	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. കെട്ടിട നമ്പർ രേഖപ്പെടുത്തിയ അപേക്ഷ. സ്ഥിരതാമസം തെളിയിക്കുന്ന രേഖയുടെ പകർപ്പ് (റേഷൻ കാർഡ്, ആധാർ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്). ഫീസില്ല.	അന്വേഷണത്തിന് വിധേയമായി പരമാവധി 5 ദിവസം.
23	സ്ഥിരതാമസ സർട്ടിഫിക്കറ്റ്	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. കെട്ടിട നമ്പർ രേഖപ്പെടുത്തിയ അപേക്ഷ. ശരിയായ വാർഡ് നമ്പറും വീട്ടുനമ്പറും രേഖപ്പെടുത്തിയിരിക്കണം. വാടകക്കാരാണ് താമസമെങ്കിൽ വാടകക്കരാറിന്റെ പകർപ്പും കെട്ടിട ഉടമയുടെ സമ്മത പത്രവും ഹാജരാക്കണം. കുടുംബാംഗങ്ങളുടെ കാര്യത്തിൽ കെട്ടിട ഉടമയുടെ സമ്മതപത്രവും ഹാജരാക്കണം. കുടുംബാംഗങ്ങളുടെ കാര്യത്തിൽ കെട്ടിട ഉടമയുടെ സമ്മത പത്രവും തിരിച്ചറിയൽ രേഖയുടെ പകർപ്പും ഹാജരാക്കിയാൽ മതി. ഫീസില്ല	അന്വേഷണത്തിന് വിധേയമായി പരമാവധി 5 ദിവസം.
24	ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക്ഷോപ്പുകൾ, ഇൻഡസ്ട്രിയലുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനും, യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുമുള്ള അനുമതി.	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത ഫോറത്തിലുള്ള അപേക്ഷ. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ. കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ് പ്ലാൻ, സമീപവാസികളുടെ സമ്മതപത്രം. പോല്യൂഷൻ കൺട്രോൾ ബോർഡ്, ആരോഗ്യ വകുപ്പ്, ഫയർഫോഴ്സ് തുടങ്ങിയവയുടെ അനുമതി പത്രം/നിരാക്ഷേപ സാക്ഷ്യപത്രം. കെട്ടിടം വാടകക്കാണെങ്കിൽ കെട്ടിട ഉടമസ്ഥന്റെ സമ്മതപത്രം/കരാർ പത്രം. ഫീസ് ചട്ടപ്രകാരം.	15 പ്രവൃത്തി ദിവസം 5 കുതിരശക്തിയിൽ അധികം വരുന്ന മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ അനുവാദം ലഭിച്ച ശേഷം.
25	വ്യാപാര/വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ്	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. പുതുതായി ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ നൽകുക. പുതുക്കുന്നതിന് നിലവിലുള്ള ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പ് നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ നൽകണം. കെട്ടിടം വാടകക്കാണെങ്കിൽ വാടകക്കരാറിന്റെ പകർപ്പ്, സാനിറ്ററി സർട്ടിഫിക്കറ്റ്.	15 പ്രവൃത്തി ദിവസം.
26			
26	ലൈവ് സ്റ്റോക്ക് ഫാം തുടങ്ങുന്നതിന് മുമ്പുള്ള സ്ഥാപന അനുമതി (കന്നുകാലി 5ൽ കൂടുതൽ, ആട് 20 ൽ കൂടുതൽ, കോഴി 100 ൽ കൂടുതൽ, പന്നി 5ൽ കൂടുതൽ	അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. ലൈവ് സ്റ്റോക്ക്ഫാം തുടങ്ങുന്നതിന് മുമ്പുള്ള സ്ഥാപന അനുമതി (കന്നുകാലി 5ൽ കൂടുതൽ, ആട് 20 ൽ കൂടുതൽ, കോഴി 100 ൽ കൂടുതൽ, പന്നി 5ൽ കൂടുതൽ ഫോറം 1 ൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ. സൈറ്റ് പ്ലാൻ, സാനിട്ടേഷൻ സൗകര്യം, സ്ഥലത്തിന്റെ വിസതീർണ്ണം, സ്ഥലത്തിന്റെ അതിർത്തിയിൽ നിന്നും 100 മീറ്റർ പരിധിയിൽ ജനവാസം സംബന്ധിച്ച കാര്യങ്ങൾ മാലിന്യ നിർമാർജ്ജന ക്രമീകരണങ്ങൾ എന്നിവ കാണിച്ചിരിക്കണം. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി. സാനിട്ടറി സർട്ടിഫിക്കറ്റ്.	30 പ്രവൃത്തി ദിവസം

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമപ്രകാരം ഉള്ള സേവനങ്ങൾക്ക് വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അപേക്ഷ ഫീസ്	ലഭ്യമാകുന്ന സമയപരിധി
28	സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സഹായം	• വാർഷിക വരുമാനം 20000 രൂപയിൽകവിയരുത്. • വിവാഹിതരാവുന്ന പെൺകുട്ടി 3 വർഷമായി കേരളത്തിൽ സ്ഥിരതാമസമായിരിക്കണം. വിവാ • ഹ ദിവസം പെൺകുട്ടിക്ക് 18 വയസ്സ് തികഞ്ഞിരിക്കണം. • ആദ്യ വിവാഹമായിരിക്കണം. • സ്വർണ്ണമുൾപ്പെടെ ആകെ സമ്പത്ത് 50000/ രൂപയിൽ കവിയരുത്. • അപേക്ഷക പുനർവിവാഹം ചെയ്തിട്ടുണ്ടാവ രുത്. • നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ 2 പ കർപ്പുകൾ. • വിവാഹത്തിന് 1 മാസം മുമ്പ് അപേക്ഷിക്കാത്ത പക്ഷം കാലതാമസം മാപ്പാക്കുന്നതിനുള്ള അപേ ക്ഷ. (പരമാവധി 1 വർഷം വരെ). • അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖ. • വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർ ട്ടിഫിക്കറ്റ്. • അപേക്ഷകയും മകളും പരേതന്റെ ഭാര്യയും മകളുമാണെന്ന രേഖ. • വിവാഹിതയാകുന്ന പെൺകുട്ടി 3 വർഷമായി കേരളത്തിൽ സ്ഥിരതാമസമാണെന്ന രേഖ. • വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച വെള്ളക്കട ലാസിൽ എഴുതിയ/അച്ചടിച്ച വരന്റെ സത്യവാങ്	30 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കി പാസാക്കുന്നു. ഫണ്ട് ലഭിക്കുന്ന മുറക്ക് ധനസഹായം നൽകുന്നു.
29	ചുമത്തിയ വസ്തു നികുതിയിന്മേലുള്ള അപ്പീൽ	• നികുതി അധികമാണെന്ന് പറയുന്നതിനുള്ള കാരണം കാണിച്ച് വെള്ളക്കടലാസിലുള്ള അപേക്ഷ. (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച്). • ചുമത്തിയ നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ്.	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി 30 ദിവസം
30	വസ്തു നികുതി ഒഴിവാക്കൽ	• നികുതി ഒഴിവാക്കുന്നതിനുള്ള കാരണങ്ങളും രേഖകളും സഹിതം കാണിച്ച് വെള്ളക്കടലാസി ലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച്). • കെട്ടിട നികുതി തൻവർഷം വരെ അടച്ച് തീർത്തിരി ക്കണം.	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി 30 ദിവസം

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമപ്രകാരം ഉള്ള സേവനങ്ങൾക്ക് വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അപേക്ഷ ഫീസ്	ലഭ്യമാകുന്ന സമയപരിധി
31	പട്ടിയെ വളർത്തുന്നതിനുള്ള ലൈസൻസ്	• അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. • പ്രതിരോധ കുത്തിവെപ്പ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. • നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (5 രൂപ • കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച്) നൽകുക. അടക്കേണ്ട ഫീസ് 1 ന് 10 രൂപ വീതം. •	7 ദിവസം
32	സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ രജിസ്ട്രേഷൻ പുതുക്കൽ	• അപേക്ഷകൻ കെ സ്മാർട്ട് ലോഗിനിലൂടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കണം. • •	7 ദിവസം
33	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നതിന്.	• 18 വയസ്സ് പൂർത്തിയാവുകയും കായികാദ്ധ്വാനം ചെയ്യാൻ തയ്യാറുമായിരിക്കണം. • പഞ്ചായത്തിൽ സ്ഥിരതാമസക്കാരായിരിക്കണം. • റേഷൻ കാർഡ്/തിരിച്ചറിയൽ കാർഡ് ഹാജരാക്കണം. • ഒരു കുടുംബത്തിന് ഒരു കാർഡ് മാത്രം. • ഒരു വർഷത്തിൽ കുടുംബത്തിന് ആകെ 100 തൊഴിൽ ദിനം.	പരമാവധി 100 തൊഴിൽ ദിനം 14 ദിവസം കൂടുമ്പോൾ

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമപ്രകാരം ഉള്ള സേവനങ്ങൾക്ക് വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അനുബന്ധ രേഖകൾ	ലഭ്യമാകുന്ന സമയപരിധി
36	വികലാംഗ പെൻഷൻ (വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ)	• അപേക്ഷകൻ സേവന വെബ്സൈറ്റിലൂടെ സമർപ്പിക്കണം. • കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത് (സർട്ടിഫിക്കേറ്റ്ഹാജരാക്കണം) • 1 വർഷമായി കേരളത്തിൽ സ്ഥിരതാമസക്കാരാകണം. • യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരുമാകരുത്. • സ്ഥിരതാമസം തെളിയിക്കുന്നതിനുള്ള രേഖ (റേഷൻ കാർഡ്/മേൽവിലാസം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖയുടെ പകർപ്പ്). • തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർകാർഡ്/ഫോട്ടോ പതിച്ച മറ്റെന്തെങ്കിലും രേഖകൾ. • വികലാംഗത്വം തെളിയിക്കുന്ന രേഖ. • അംഗവൈകല്യം- ചുരുങ്ങിയത് 40%. അന്ധർ - കൂടുതൽ കാഴ്ചയുള്ള കണ്ണിൽ 6/60 അഥവാ 20/200 സ്നെല്ലനിൽ അധികരിക്കാത്തത്. ബധിരർ-കേൾവി ശേഷി 90 ഡെസിബെലിൽ കുറയാത്തത്. മാനസിക വൈകല്യം ഐ.ക്യു. 50 ൽ താഴെ.	അന്വേഷണത്തിനും സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ തീരുമാനത്തിനു വിധേയമായശേഷം 40 ദിവസത്തിന്ശേഷം അപ്പലേറ്റ് അതോറിറ്റി ഡി.ഡി.പി മലപ്പുറം
37	കർഷക തൊഴിലാളി പെൻഷൻ	• അപേക്ഷകൻ സേവന വെബ്സൈറ്റിലൂടെ സമർപ്പിക്കണം. • കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. (സർട്ടിഫിക്കറ്റ് ഹാജരാക്കണം). • മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്. • 60 വയസ്സ് പൂർത്തിയായിരിക്കണം. • 10വർഷമോ അതിൽ കൂടുതലോ കർഷകതൊഴിലാളിയായി ജോലിചെയ്തിരിക്കണം • വൃദ്ധ സദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയാവരുത്. • യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരുമാകരുത്. • സ്ഥിരതാമസം തെളിയിക്കുന്നതിനുള്ള രേഖ (റേഷൻ കാർഡ്/മേൽവിലാസം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖയുടെ പകർപ്പ്). • തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർകാർഡ്/ഫോട്ടോ പതിച്ച മറ്റെന്തെങ്കിലും രേഖകൾ. • കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരുന്നതിന്റെ സാക്ഷ്യപത്രം. • പ്രായം തെളിയിക്കുന്നതിനുള്ള രേഖ (സ്കൂൾ സർട്ടിഫിക്കറ്റ്, /പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്) ഇവയൊന്നും ഇല്ലെങ്കിൽ ഡോക്ടറുടെ വയസു തെളിയിക്കുന്ന രേഖ.	അന്വേഷണത്തിനും സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ തീരുമാനത്തിനു വിധേയമായശേഷം 45 ദിവസത്തിന്ശേഷം അപ്പലേറ്റ് അതോറിറ്റി ഡി.ഡി.പി മലപ്പുറം

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

(സേവനാവകാശ നിയമപ്രകാരം ഉള്ള സേവനങ്ങൾക്ക് വിജ്ഞാപനപ്രകാരമുള്ള സമയപരിധിയും നിബന്ധനകളും ബാധകമാണ്.)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, അപേക്ഷ ഫീസ്	ലഭ്യമാകുന്ന സമയപ
38	50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	• അപേക്ഷകൾ സേവന വെബ്സൈറ്റിലൂടെ സമർപ്പിക്കണം. • കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത് (സർട്ടിഫിക്കറ്റ്ഹാജരാക്കണം) • മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്. കേരളത്തിൽ സ്ഥിരതാമസക്കാരനാണെന്ന രേഖ ഹാജരാക്കണം. • വൃദ്ധ സദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയാവരുത്. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരുമാകരുത്. • നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 പകർപ്പുകൾ. സ്ഥിരതാമസം തെളിയിക്കുന്നതിനുള്ള രേഖ (റേഷൻ കാർഡ്/മേൽവിലാസം തെളിയിക്കുന്ന മറ്റേതെങ്കിലും രേഖയുടെ പകർപ്പ്). • തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർകാർഡ്/ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ. • അവിവാഹിതരാണെന്നുള്ള വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം. • പ്രായം തെളിയിക്കുന്നതിനുള്ള രേഖ	അന്വേഷണത്തിനും സ്റ്റാന്റിംഗ് കമ്മിറ്റി ഭരണസമിതി എന്നിവയുടെ തീരുമാനത്തിനു വിധേയമായശേഷം 40 ദിവസത്തിന് ശേഷം അപ്പലേറ്റ് അതോറിറ്റി പഞ്ചായത്ത് ഡയറക്ടർ
39	തൊഴിൽ രഹിത വേതനം	• വാർഷിക വരുമാനം 12,000/- രൂപയിലും വ്യക്തിഗത വരുമാനം മാസം 100 രൂപയിലും അധികരിക്കരുത്. • എസ്.എസ്.എൽ.സി പാസ്സായവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗർ എന്നീ വിഭാഗക്കാർക്ക് സ്കൂളിൽ പഠിച്ച് എസ്.എസ്.എൽ.സി ക്ക് ഹാജരായാലും പരിഗണിക്കുന്നതാണ്. • പ്രായം21 നും 35 നും ഇടയിലായിരിക്കണം. • എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ 18 വയസ്സിന് ശേഷം തുടർച്ചയായി വികലാംഗർക്ക് 2 വർഷവും മറ്റുള്ളവർക്ക് 3 വർഷവും സീനിയോരിറ്റി വേണം. • യഥാസമയം പുതുക്കാതിരിക്കാൻ രജിസ്ട്രേഷൻ കാൻസൽ ചെയ്ത സാഹചര്യത്തിൽ പുനർ രജിസ്ട്രേഷൻ കഴിഞ്ഞ് 3 വർഷം പൂർത്തീകരിച്ചിരിക്കണം. • നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകളുടെ 2 പകർപ്പുകൾ. • എസ്.എസ്.എൽ.സി. ബുക്ക്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്, ടി.സി., വരുമാനസർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. • സ്ഥിരതാമസം തെളിയിക്കുന്നതിനുള്ള രേഖ (റേഷൻ കാർഡ്/മേൽവിലാസം തെളിയിക്കുന്ന മറ്റേതെങ്കിലും രേഖയുടെ പകർപ്പ്). • തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർകാർഡ്/ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ	അന്വേഷണം പൂർത്തിയാക്കി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും തീരുമാന പ്രകാരം എംപ്ലോയ്മെന്റ് ഓഫീസർക്ക് അയക്കും. പാസ്സായി വരുന്ന മുറക്ക് അപേക്ഷ വച്ചതിൻ 45 ദിവത്തിനുള്ളിൽ അപ്പലേറ്റ് അതോറിറ്റി പഞ്ചായത്ത് ഡയറക്ടർ

കൃഷിഭവനിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ്
1	കാർഷിക വിജ്ഞാന വ്യാപനം	ഓഫീസ് വഴി ആവശ്യപ്രകാരം കാർഷിക അറിവുകൾ നൽകുന്നു.
2	സൗജന്യ മണ്ണു പരിശോധന	ആവശ്യത്തിനനുസരിച്ച് മുഴുവൻ കർഷകർക്കും പരിശോധിച്ച് പ്രയോജനപ്പെടുത്തേണ്ടതാണ്.
3	കേന്ദ്രാവിഷ്കൃതവും,സംസ്ഥാനാവിഷ്കൃതവുമായ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുന്നു.	ചെറുകിട നാമമാത്ര കർഷകർക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതിയിലൂടെ ലഭ്യതയനുസരിച്ച്
4	ത്രിതല പഞ്ചായത്ത് വാർഷിക പദ്ധതികൾ	മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതിയുടെ ലഭ്യതയനുസരിച്ച് ഗ്രാമസഭാ തീരുമാനങ്ങൾക്കും വിധേയമായി നടപ്പിലാക്കുന്നു.
5	കാർഷിക മേഖലയിലെ സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു.	സർക്കാർ നിർദ്ദേശത്തിനും ഫണ്ടിനും വിധേയമായി.
6	ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നു.	ലഭ്യതയനുസരിച്ച് കർഷകർക്ക് ലഭ്യമാക്കുന്നു.
7	പ്രകൃതിക്ഷോഭ ദുരിതാശ്വാസം, കാർഷികവിളകൾക്ക നഷ്ടപരിഹാര തുക അനുവദിക്കുന്നു.	പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചിട്ടുള്ള കർഷകരുടെ അപേക്ഷകളിന്മേലുള്ള അന്വേഷണത്തിനും ഫണ്ടിനും വിധേയമായി.
8	രാസവളം, കീടനാശിനി ഗുണനിലവാരം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു.	സാമ്പിൾ സമർപ്പിക്കുന്ന മുറക്ക് നിശ്ചിത ഫീസ് ഈടാക്കി ലാബിൽ അയച്ച് റിസൾട്ട് ലഭ്യമാക്കുന്നു.
9	വിള ഇൻഷുറൻസ്	വിളകളുടെ വിസ്തൃതിക്കനുസരിച്ച് ഇൻഷുറൻസ് പ്രീമിയം കർഷകർ ഒടുക്കണം.
10	കർഷക പെൻഷൻ	കുറഞ്ഞത് 10 സെന്റ് പട്ടയ കൃഷിഭൂമി സ്വന്തം പേരിലുള്ള 60 വയസ്സ് പൂർത്തീകരിച്ചിട്ടുള്ള ചെറുകിട നാമമാത്ര കർഷകർക്ക്.
11	വളം കീടനാശിനി വിൽക്കുന്നതിനുള്ള ലൈസൻസ്	കൃഷി വകുപ്പിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് കാലാകാലങ്ങളിലെ ഫീസ് ചെലാൻ അടച്ച് നൽകുന്ന അപേക്ഷകൾ ഫീസ് കീടനാശിനി – 35 രൂപ വളം – 38 രൂപ കൃഷി ജോയന്റ് ഡയറക്ടർ ലൈസൻസ് അനുവദിക്കുന്ന മുറക്ക്
12	കേരള കർഷകൻ മാസിക	വാർഷിക വരിസംഖ്യ 100 രൂപ നിരക്കിൽ കൃഷിഭവനിൽ അടച്ച് വരിക്കാരനാകാം.

കൃഷിഭവനിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ്
13	സസ്യരോഗ – കീട നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുന്നു.	പ്രവൃത്തി ദിവസങ്ങളിൽ
14	കാർഷിക രംഗത്ത് ചെറുകിട യന്ത്രവൽക്കരണം	പ്രവൃത്തികൾ ലഭിക്കുന്ന മുറക്ക്
15	കാർഷികാവശ്യത്തിന് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനും സൗജന്യ വൈദ്യുത പദ്ധതി നടപ്പിലാക്കുന്നു.	ചെറുകിട – നാമമാത്ര കർഷകർക്ക് മാനദണ്ഡങ്ങൾക്കനുസരിച്ച്
16	ബയോഗ്യാസ് പ്ലാന്റ് മണ്ണിരകമ്പോസ്റ്റ് എന്നിവ നിർമ്മിക്കുന്നതിന് വേണ്ട സാങ്കേതിക – സാമ്പത്തിക സഹായം ലഭ്യമാക്കുന്നു.	പ്രവൃത്തി ദിവസങ്ങളിൽ
17	ജൈവവളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ തയ്യാറാക്കുന്നതിനും, ഉപയോഗിക്കുന്നതിനും കർഷകർക്ക് നിർദ്ദേശങ്ങൾ നൽകുന്നു.	പ്രവൃത്തി ദിവസങ്ങളിൽ
18	തരിശുഭൂമികൾ പരമാവധി കൃഷിയോഗ്യമാക്കുന്നതിനും, കൃഷിചെയ്യാൻ കർഷകർക്ക് സാമ്പത്തിക സാങ്കേതിക സഹായം നൽകുന്നു.	പ്രവൃത്തി ദിവസങ്ങളിൽ

പ്രാഥമികാരോഗ്യകേന്ദ്രം (പി.എച്ച്.സി)യിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ്	സേവനം ലഭ്യമാകുന്ന ദിവസം
1	പ്രതിരോധ കുത്തിവെപ്പുകൾ	7 വയസ്സിനു താഴെയുള്ള കുട്ടികൾ. 10,15 വയസ്സുള്ള കുട്ടികൾ	എല്ലാ ബുധനാഴ്ചയും
2	ഗർഭിണികൾക്കുള്ള ക്ലിനിക്ക്	പരിശോധനയും ഇരുമ്പ്സത്ത്, (അയൺ) ഗുളികകളും, കാത്സ്യം,ഫോളിക് ആസിഡ് ഗുളികകളുടെ വിതരണം.	ഉപകേന്ദ്രങ്ങളിൽ എല്ലാ ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ
3	ക്ഷയരോഗ പരിശോധനയും ചികിത്സയും	2 ആഴ്ചയിൽ കൂടുതൽ നീണ്ടുനിൽക്കുന്ന ചുമയുള്ളആളുകൾ. കഫത്തിൽ അണുക്കളുള്ള ക്ഷയരോഗികളുടെ വീട്ടിലെ അംഗങ്ങളും, അടുത്തിടപഴകുന്നവരും. കഫ പരിശോധനയിൽ രോഗബാധിതനാണെന്ന് കണ്ടെത്തുന്നവർക്ക് സൗജന്യ ചികിത്സ.	എല്ലാ പ്രവൃത്തി ദിവസവും
4	മലമ്പനി ചികിത്സയും പരിശോധനയും പ്രതിരോധ കുത്തിവെപ്പുകൾ	അന്യസംസ്ഥാന തൊഴിലാളികൾ. മലമ്പനി ബാധിത പ്രദേശങ്ങളിൽ (അന്യസംസ്ഥാനങ്ങളിൽ) ജോലി, യാത്ര ചെയ്തു തിരിച്ചുവരുന്നവർ. ഇടവിട്ടുള്ള പനിയും വിറയലോടും കൂടിയവർ.	എല്ലാ പ്രവൃത്തി ദിവസവും
5	കുടിവെള്ള ശുദ്ധീകരണവും പരിശോധനയും	എല്ലാ കുടിവെള്ള സ്രോതസ്സുകളും ശുദ്ധീകരിക്കുന്നതിനുള്ള ബ്ലീച്ചിംഗ് പൗഡർ നൽകുന്നു. പൊതു കുടിവെള്ള സ്രോതസ്സുകളുടെ പരിശോധന സൗജന്യമായി നൽകുന്നു. സ്വകാര്യ കുടിവെള്ള സ്രോതസ്സുകളുടെ പരിശോധനക്കാവശ്യമായ ജലം, ബോട്ടിൽ സീൽ ചെയ്ത് നൽകുന്നു.	എല്ലാ പ്രവൃത്തി ദിവസവും ആവശ്യങ്ങൾക്കനുസരിച്ച്
6	ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ	അംഗൻവാടികൾ, കുടുംബശ്രീ സംഘങ്ങൾ, ക്ലബ്ബുകൾ കേന്ദ്രീകരിച്ച്	എല്ലാ പ്രവൃത്തി ദിവസവും ആവശ്യങ്ങൾക്കനുസരിച്ച്
7	ജീവിത ശൈലീ രോഗ ക്ലിനിക്കുകൾ	30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ആളുകൾക്കും സബ്സെന്ററുകളും, പി.എച്ച്.സി യും കേന്ദ്രീകരിച്ച് പരിശോധന. ബി.പി. , ഡയബറ്റിസ്.	സബ്സെന്ററുകൾ എല്ലാ ചൊവ്വ, ബുധൻ, വ്യാഴം 2 പി.എം. – 4 പി.എം. പി.എച്ച്.സി യിൽ തിങ്കളാഴ്ച രാവിലെയും പരിശോധന ക്ലിനിക്ക്.

പ്രാഥമികാരോഗ്യകേന്ദ്രം (പി.എച്ച്.സി)യിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ്	സേവനം ലഭ്യമാക്കുന്ന ദിവസം
8	കുടുംബക്ഷേമ മാർഗ്ഗങ്ങൾ	• ഭാര്യക്ക് 18 നും 45 നും ഇടയിൽ പ്രായമുള്ള അർഹരായ ദമ്പതികൾക്ക് താൽക്കാലിക ഗർഭനിരോധന മാർഗ്ഗങ്ങൾ • എല്ലാ പ്രവൃത്തി ദിവസങ്ങളിലും	എല്ലാ പ്രവൃത്തി ദിവസവും
9	കൊതുകു നിയന്ത്രണ പരിപാടികൾ	കൊതുകു ജന്യ രോഗബാധിത പ്രദേശങ്ങളിൽ	ആവശ്യമുള്ളപ്പോൾ
10	അംഗണവാടി കുട്ടികൾക്കുള്ള മെഡിക്കൽ ചെക്കപ്പ്	പഞ്ചായത്ത് പ്രദേശത്തെ എല്ലാ അങ്കണവാടികളും കേന്ദ്രീകരിച്ച് എല്ലാ കുട്ടികളുടേയും വൈദ്യപരിശോധന	ആവശ്യമുള്ളപ്പോൾ
11.	വിവിധ സർട്ടിഫിക്കറ്റുകളുടെ വിതരണം 1. ഹെൽത്ത് കാർഡ്	പൂരിപ്പിച്ച അപേക്ഷയും 2 ഫോട്ടോയും തിരിച്ചറിയൽ കാർഡിന്റെ പകർപ്പുമായി ആൾ നേരിട്ടുവരണം.	7 ദിവസത്തിനുള്ളിൽ
	2. സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ്	കോർട്ട്ഫീ (5 രൂപയുടെ) സ്റ്റാമ്പ് പതിച്ച അപേക്ഷാഫോറം (തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം നേരിട്ട് പരിശോധനക്ക് ശേഷം). മാലിന്യസംസ്കരണത്തിന്റെ വിശദമായ സ്കെച്ചും പ്ലാനും – തിരിച്ചറിയൽകാർഡിന്റെ കോപ്പികുടിവെള്ള സാമ്പിൾ പരിശോധനാഫലം ലഭ്യമാക്കണം. നേരിട്ടുള്ള സ്ഥാപന പരിശോധന	14 ദിവസത്തിനുള്ളിൽ
	3. മെഡിക്കൽ സർട്ടിഫിക്കറ്റ്	വ്യക്തി നേരിട്ട് മെഡിക്കൽ ഓഫീസറുടെ പരിശോധനക്ക് വിധേയനാകണം. അംഗീകൃത ഫീസ് നൽകണം.	എല്ലാ പ്രവൃത്തി ദിവസവും
12.	ലൈംഗിക രോഗപരിശോധനയും ചികിത്സയും	രോഗ പരിശോധന ആവശ്യമായ ആളുകൾക്ക്	എല്ലാ പ്രവൃത്തി ദിവസവും
13.	കൗമാര ആരോഗ്യ പരിപാടികൾ	പഞ്ചായത്തിലെ എല്ലാ അംഗൻവാടിയിലെയും കൗമാര ക്ലബ്ബുകൾ കേന്ദ്രീകരിച്ച്	ആവശ്യമുള്ളപ്പോൾ
14.		പൊതുജനാരോഗ്യ സംബന്ധമായ പരാതികൾക്കുള്ള പരിഹാരം പി.എച്ച്.സി. യിൽ ലഭിക്കുന്ന പരാതി	14 ദിവസത്തിനുള്ളിൽ
15.	സ്കൂൾ ആരോഗ്യപരിപാടി	പി.എച്ച്.സി. ഏരിയയിലുള്ള വിവിധ സ്കൂളിലെ കുട്ടികൾക്ക് പരിശോധന പ്രതിരോധ കുത്തിവെപ്പുകൾ, ബോധവത്കരണ പരിപാടികൾ.	വർഷത്തിലൊരിക്കൽ

പ്രാഥമികാരോഗ്യകേന്ദ്രം (പി.എച്ച്.സി)യിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ്	സേവനം ലഭ്യമാക്കുന്ന ദിവസം
16	ജനനി സുരക്ഷാ യോജന ആനുകൂല്യം	(JYS) ഗവൺമെന്റ് ആശുപത്രിയിൽ നടക്കുന്ന എല്ലാ പ്രസവങ്ങൾക്കും	എല്ലാ പ്രവൃത്തി ദിവസങ്ങളിലും
17	പാലിയേറ്റീവ് പരിചരണ പദ്ധതി	പഞ്ചായത്ത് പ്രദേശത്തെ എല്ലാ കിടപ്പ് രോഗികളുടെയും ഭവന സന്ദർശനവും പരിചരണവും സ്ഥിരമായി മരുന്ന് കഴിക്കുന്ന രോഗികൾക്ക് പി.എച്ച്.സി. ഒ.പിയിൽ നിന്നും മരുന്ന് നൽകലും	ഭവന സന്ദർശനം എല്ലാ തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി ദിവസങ്ങളിലും ബുധനാഴ്ച പി.എച്ച്.സി യിൽ പ്രത്യേക പാലിയേറ്റീവ് ഒ.പി. യും മരുന്ന് വിതരണവും.
18	പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ	പി.എച്ച്.സി പ്രദേശത്തെ ജനങ്ങൾക്കും അതത് സമയത്ത് പ്രദേശത്ത് ഉണ്ടാകുന്ന രോഗാണുബാധകൾക്കുമനുസരിച്ച്	ആവശ്യമുള്ളപ്പോൾ

ആയുർവ്വേദ ആശുപത്രി വഴി ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനം	
1.	ഡോക്ടറുടെ സേവനവും മരുന്നുകളും	എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 2 മണി വരെയും പരിശോധനയും മരുന്നും ലഭിക്കുന്നു.
2.	മരുന്നുകൾ	ഡോക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ മരുന്നുകൾ സ്ഥാപനത്തിൽ നിന്നും സൗജന്യമായി നൽകുന്നു.
3	മെഡിക്കൽ ക്യാമ്പുകൾ	പകർച്ചവ്യാധി പ്രതിരോധം പ്രകൃതി ദുരന്ത ദുരിതാശ്വാസ ക്യാമ്പുകൾ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ
4	ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ	സന്നദ്ധ സംഘടനകൾ, അംഗൻവാടികൾ, കുടുംബശ്രീ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ ആവശ്യങ്ങൾക്കനുസരിച്ച് പഞ്ചായത്ത് അനുമതിയോടെ നടത്തുന്നു.
5	സർട്ടിഫിക്കറ്റ്	മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഫോട്ടോ സാക്ഷ്യപ്പെടുത്തൽ, സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ എന്നിവയും ലഭ്യമാണ്.
6	പാലിയേറ്റീവ് കെയർ	

ഹോമിയോ ഡിസ്പെൻസറി വഴി ലഭ്യമാകുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭിക്കുന്ന സേവനങ്ങൾ	നിബന്ധനകൾ
1.	ഡോക്ടറുടെ സേവനങ്ങളും മരുന്നുകളും	എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 2 മണി വരെയും പരിശോധനയും മരുന്നും ലഭിക്കുന്നു.
2.	മെഡിക്കൽ ക്യാമ്പുകൾ	ജനറൽ മെഡിക്കൽ ക്യാമ്പുകൾ പകർച്ചവ്യാധി പ്രതിരോധ മെഡിക്കൽ ക്യാമ്പുകൾ പ്രകൃതി ദുരന്ത ദുരിതാശ്വാസ മെഡിക്കൽ ക്യാമ്പുകൾ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ
3	ആരോഗ്യ ബോധവത്കരണ ക്ലാസുകൾ	കുടുംബശ്രീ, അംഗൻവാടി, സന്നദ്ധ സംഘടനകൾ തുടങ്ങിയവരുടെ ആവശ്യങ്ങൾക്കനുസരിച്ച്
4	സർട്ടിഫിക്കറ്റ്	മെഡിക്കൽ സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സാക്ഷ്യപ്പെടുത്തൽ എന്നിവയും ലഭ്യമാണ്.
5	പാലിയേറ്റീവ് കെയർ	
	അംഗൻവാടി സന്ദർശനം, ഓർഫനേജ് സന്ദർശനം ഇവ ഇടവേളകളിൽ നടത്തിവരുന്നു.	

വെറ്ററിനറി ഡിസ്പെൻസറി വഴി ലഭിക്കുന്ന സേവനങ്ങൾ

1. പക്ഷിമൃഗാദികളുടെ ചികിത്സ
2. പക്ഷിമൃഗാദികൾക്കുള്ള രോഗ പ്രതിരോധ കുത്തിവെപ്പുകൾ നടത്തുന്നു.
3. പശു, എരുമ എന്നിവയുടെപ്രജനനത്തിനും, വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനും കൃത്രിമ ബീജ ദാന സൗകര്യം ലഭ്യമാക്കുക.
4. ഈ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ പകർച്ചവ്യാധികൾ പ്രത്യക്ഷപ്പെടുന്ന സമയത്ത് രോഗപ്രതിരോധ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
5. കന്നുകാലികളെയും, പക്ഷികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള സൗകര്യം കർഷകന് ലഭ്യമാക്കുക.
6. കന്നുകാലികളുടെ വന്ധ്യതാ നിവാരണ ക്യാമ്പുകൾ, ഗോരക്ഷാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക.
7. മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുക.
8. സ്വയംതൊഴിൽ രംഗത്ത് കർഷകർക്ക് ആവശ്യമായ പ്രൊജക്ട് റിപ്പോർട്ടുകൾ ഉൾപ്പെടെ സഹായം നൽകുക.
9. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ മൃഗസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
10. ജന്തുജന്യ രോഗങ്ങളെ മറ്റ് സംസ്ഥാനങ്ങളുടെയും, സംഘടനകളുടെയും സഹകരണത്തോടുകൂടി നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

<u>നിലവിലുള്ള ഫീസ് നിരക്ക്</u>

ഓമനമൃഗങ്ങളുടെ ചികിത്സാ ഫീസ് – 5 രൂപ

പേവിഷത്തിനുള്ള വാക്സിനേഷൻ ഫീസ് – 5 രൂപ

ഊർജ്ജിത കന്നുകലി വികസനം (ഐ.സി.ഡി.പി) ഉപകേന്ദ്രം

പ്രവർത്തന സമയം:
സാധാരണ ദിവസം 9 മുതൽ 3 വരെ
ഞായറാഴ്ച : 9 മുതൽ 12 വരെ
മറ്റ് അവധി ദിവസങ്ങൾ 9 മുതൽ 1 വരെ

ലഭിക്കുന്ന സേവനങ്ങൾ

1. കൃത്രിമ ബീജസങ്കലന പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കുക.
2. കന്നുകാലികൾക്കാവശ്യമായ പ്രാഥമിക ശുശ്രൂഷകൾ നടപ്പാക്കുക.

ചുമതലകൾ

1. പശുക്കൾക്കും എരുമകൾക്കും കൃത്രിമ ബീജദാന സൗകര്യം ലഭ്യമാക്കുക.
2. ഗർഭപരിശോധന നടത്തുക.
3. പ്രജനന പ്രശ്നങ്ങൾ കാണപ്പെട്ട എരുമകളെ വിദഗ്ദ ചികിത്സക്കായി റഫർ ചെയ്യുക.
4. വകുപ്പിൽ ലഭ്യമാകുന്ന മരുന്നുകളും, മറ്റും കർഷകർക്ക് വിതരണം നടത്തുക.
5. വിജ്ഞാന വ്യാപന പ്രവർത്തനം നടത്തുക.
6. പ്രതിരോധ കുത്തിവെപ്പുകളും, സർവ്വേകളും നടത്തുക.

സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ്
കൃത്രിമ ബീജദാനം : സർക്കാർ നിർദ്ദേശിക്കുന്നത്.

അങ്കണവാടിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭിക്കുന്ന സേവനങ്ങൾ	നിബന്ധനകൾ
1.	അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം	3 വയസ്സിന് മുകളിലുള്ള അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് , രജിസ്റ്റർ ചെയ്യുന്നത് മുതൽ ലഭ്യമാകുന്നു.
2.	ആരോഗ്യ പോഷണ വിദ്യാഭ്യാസം	കൗമാരക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കും അങ്കണവാടി വഴി എല്ലാ മാസവും ലഭ്യമാകുന്നു.
3	ആരോഗ്യ പരിശോധന പ്രതിരോധ കുത്തിവെപ്പ്	എല്ലാ മാസവും ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാകുന്നു.
4	പൂരക പോഷകാഹാരം	1 <u>ഗർഭിണികൾ</u> അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യുന്നത് മുതൽ ദിവസവും പാചകം ചെയ്ത പോഷകാഹാരം നൽകുന്നു.
		2 <u>പാലൂട്ടുന്ന അമ്മ</u> അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യുന്ന അമ്മമാർക്ക് പ്രസവിച്ച് 6 മാസം വരെ ദിവസവും പാചകം ചെയ്ത പോഷകാഹാരം നൽകുന്നു.
		3 <u>6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾ</u> കുട്ടികൾക്ക് പ്രതിമാസം 3.375 ഗ്രാം അമൃതം ന്യൂട്രിമിക്സ് നൽകുന്നു.
		4 <u>3–6 വയസ്സുവരെയുള്ള കുട്ടികൾ</u> അങ്കണവാടിയിൽ ഹാജരാകുന്ന കുട്ടികൾക്ക് മോണിംഗ് സ്നാക്സ്, ഉച്ച ഭക്ഷണം, 3 മണിക്ക് ഈവനിംഗ് ഫീഡിംഗ് എന്നീ പാചകം ചെയ്ത പോഷകാഹാരം നൽകുന്നു.
		5 <u>14 മുതൽ 18 വരെ ഇടയിലുള്ള കൗമാരക്കാരായ പെൺകുട്ടികൾക്ക്</u> പ്രതിമാസം 4 കിലോഗ്രാം പാചകം ചെയ്യാത്ത പോഷകാഹാരം നൽകുന്നു. (ഗോതമ്പുനുറുക്ക്, ശർക്കര, നിലക്കടലപ്പൊടി)
5	പരാമർശ സേവനം	അങ്കണവാടി പ്രവർത്തകർ ഭവന സന്ദർശന സമയത്ത് കണ്ടെത്തുന്ന രോഗികളെ ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നു.

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം

(എഞ്ചിനീയറിംഗ് വിഭാഗം : ത.സ്വ.ഭ.വ)

ഗ്രാമപഞ്ചായത്ത് നിർമ്മാണ – മരാമത്ത് പ്രവർത്തനങ്ങളുടെ നിർവ്വഹണം: ജില്ലാ – ബ്ലോക്ക് – ഗ്രാമ ത്രിതല പഞ്ചായത്തുകളിലും എം.പി., എം.എൽ.എ, വെള്ളപ്പൊക്കം, വരൾച്ച എന്നീ ഇനങ്ങളിലുമുള്ള വിവിധ പദ്ധതി കളിലൂടെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിലൂടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, അംഗീകാരം ലഭിക്കുന്ന മുറക്ക് ഗുണഭോക്തൃസമിതി /ദർഘാസ് ചെയ്ത് കരാറുകാരൻ മുഖേന പ്രവൃത്തി നടപ്പിലാക്കൽ, നിർമ്മാണ പ്രവർത്തന ങ്ങളുടെ ബിൽഡിംഗ് ഫിറ്റ്നസ് തുടങ്ങിയ കാര്യങ്ങളും ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട മറ്റ് സിവിൽ എഞ്ചിനീ യറിംഗ് സേവനങ്ങളും ലഭ്യമാക്കൽ, പഞ്ചായത്തിൽ ലഭിക്കുന്ന ബിൽഡിംഗ് പെർമിറ്റ്, കെട്ടിടം നമ്പറിടൽ സംബ ന്ധമായ അപേക്ഷകളും പ്ലാനുകളും പരിശോധിച്ച് റിപ്പോർട്ട് നൽകുന്നത് എഞ്ചിനീയറിംഗ് വിഭാഗമാണ്.

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (വി.ഇ.ഒ)

ലഭിക്കുന്ന സേവനങ്ങൾ

1. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിലെ ഭവന നിർമ്മാണം, സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകൽ
2. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിലെ ഭവന പുനരുദ്ധാരണം, സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകൽ
3. സ്വയംസഹായ സംഘങ്ങളുടെ രൂപീകരണവും മേൽനോട്ടവും, ഗ്രേഡിംഗ് നടത്തലും റിവോൾവിംഗ് ഫണ്ടിന് ശുപാർശ ചെയ്യലും
4. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് എസ്.ജി.എസ്.വൈ പദ്ധതിപ്രകാരം അപേക്ഷ സ്വീകരിക്കലും, സബ്സി ഡിക്ക് ശുപാർശ ചെയ്യലും.
5. സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ നടത്തിപ്പിന് വ്യക്തിഗത കക്കൂസ് നിർമ്മാണം – സബ്സിഡി വിതരണം.
6. ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ (ഭവന നിർമ്മാണം, വീട് പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം തുടങ്ങിയവ)
7. ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ (ഭവന നിർമ്മാണം, വീട് പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം തുടങ്ങിയവ)
8. വാർദ്ധക്യകാല പെൻഷൻ അപേക്ഷ വെരിഫിക്കേഷൻ റിപ്പോർട്ട് നൽകലും.